**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1106** **02-02-2026 - ൽ മറുപടിയ്ക്ക്**

**പെരുമ്പാവൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജൽജീവൻ മിഷൻ പദ്ധതികളുടെ വിശദാംശവും ഭരണാനുമതി തുകയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കാമോ; | (എ) | പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജൽജീവൻ മിഷൻ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിയുടെയും ഭൗതിക ലക്ഷ്യം സമയബന്ധിതമായി കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ജൽജീവൻ മിഷൻ മുഖ്യമന്ത്രിയുടെ മുൻഗണന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ്. കൂടാതെ ജലവിഭവ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന ജൽജീവൻ മിഷൻ പ്രവർത്തികളുടെ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.<br><br>ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന മിഷൻ ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതോടൊപ്പം ബഹു. എം.എൽ.എ, ബഹു. എംപി, ജില്ലാ കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉദ്യോഗതല മീറ്റിംഗുകളും നടത്തിവരുന്നു. വിവിധ വകുപ്പുകളുടെ സഹകരണം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് സഹകരണം ഉറപ്പാക്കി സംയുക്ത പരിശോധന, ചർച്ചകൾ എന്നിവ നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.<br><br>പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ജലശുചിത്വ മിഷൻ (SWSM), ജില്ലാതല ജലശുചിത്വ മിഷൻ (DWSM) എന്നിവയിൽ തദ്ദേശസ്വയംഭരണ, പൊതുമരാമത്ത്, |

| | | | |
|---|---|---|---|
| | | | ജലവിഭവം, റവന്യൂ, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ പിഡബ്ല്യുഡി ചീഫ് എൻജിനീയറുടെയും കേരള വാട്ടർ അതോറിറ്റി പ്രോജക്ട് & ഓപ്പറേഷൻ ചീഫ് എൻജിനീയറുടെയും നേതൃത്വത്തിലുള്ള പ്രത്യേക പിഡബ്ല്യുഡി കോർഡിനേഷൻ കമ്മിറ്റിയും പിഡബ്ല്യുഡിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്ത് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ ഏജൻസികളായ റെയിൽവേ, ഫോറസ്റ്റ്, ദേശീയ ഹൈവേ എന്നിവയിൽ നിന്നുള്ള അനുമതികൾ സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനായി ദേശീയ ജൽ ജീവൻ മിഷന്റെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങൾ പരിഹരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) |
|---|---|---|---|---|---|---|---|
| അശമന്നൂർ | 6260 | 1783 | 1329 | 3112 | 3148 | 4477 | 5249.45 |
| കൂവപ്പടി | 7999 | 2234 | 4650 | 6884 | 1115 | 6553 | 1264.00 |
| മുടക്കുഴ | 5518 | 1101 | 421 | 1522 | 3996 | 4417 | 4298.97 |
| ഒക്കൽ | 4472 | 882 | 2935 | 3817 | 655 | 4789 | 675.00 |
| രായമംഗലം | 9802 | 2787 | 2607 | 5394 | 4408 | 7015 | 7340.74 |
| വെങ്ങോല | 11631 | 1969 | 3424 | 5393 | 6238 | 9662 | 9509.26 |
| വേങ്ങൂർ | 5953 | 1799 | 1292 | 3091 | 2862 | 4179 | 4838.81 |
| **ആകെ** | **51635** | **12555** | **16658** | **29213** | **22422** | **41092** | **33176.23** |